"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി – 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം ശ്രീ.ഷിബിൻ വില്യം വർഗ്ഗീസ്, ഷിബിൻ വില്ല, കട്ടാനം, പള്ളിക്കൽ, ആലപ്പുഴ സമർപ്പിച്ച അപ്പീൽ പെറ്റീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.609/2026/ID തീയതി,തിരുവനന്തപുരം, 29-05-2026

---

പരാമർശം:-

1. ആലപ്പുഴ ജിയോളജിസ്റ്റിൻ്റെ 13.10.2025 തീയതിയിലെ DOALA-DMG/267/2025-M നമ്പർ ഡിമാന്റ് നോട്ടീസ്.
2. ശ്രീ.ഷിബിൻ വില്യം വർഗ്ഗീസ്, ഷിബിൻ വില്ല, കട്ടാനം, പള്ളിക്കൽ, ആലപ്പുഴ 15/07/2025-ന് സമർപ്പിച്ച അപ്പീൽ ഹർജി
3. മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ 21/05/2026 തീയതിയിലെ ഡിഎംജി/1447/2026-എം4 നമ്പർ കത്ത്
4. ബഹു.ഹൈക്കോടതിയുടെ WP(C)No.45032/2025 റിട്ട് ഹർജിയിൽ 01/12/2025 ന് പുറപ്പെടുവിച്ച വിധിന്യായം.

**<u>ഉത്തരവ്</u>**

ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ വെട്ടിയാർ വില്ലേജിൽ ബ്ലോക്ക് നമ്പർ 5 ലും സർവ്വേ നമ്പർ 483/pt.- ൽ പ്പെട്ട സ്ഥലത്ത് 50,000 MT Granite Aggregates Stock ചെയ്ത് വിപണനം ചെയ്യുന്നതിന് ശ്രീ.ഷിബിൻ വില്യം വർഗ്ഗീസിന് ഡീലേഴ്സ് ലൈസൻസ് നൽകിയയതനുസരിച്ച് പ്രസ്തുത സ്ഥലത്ത് ഡീലേഴ്സ് ലൈസൻസ് പുതുക്കുന്നതിനായി ടിയാൻ സമർപ്പിച്ച അപേക്ഷയിന്മേൽ ജിയോളജി ഓഫീസിൽ നിന്നും നടത്തിയ സ്ഥലപരിശോധനയിൽ അപേക്ഷ സ്ഥലത്തെ സ്റ്റോക്കും KOMPAS സ്റ്റോക്ക് റിപ്പോർട്ട് പ്രകാരമുള്ള സ്റ്റോക്കും തമ്മിൽ വ്യത്യാസം ഉള്ളതായി ബോദ്ധ്യപ്പെട്ടതിനാൽ, കോംപസ് പ്രകാരമുള്ള സ്റ്റോക്കിനേക്കാൾ കുറവുള്ള

5910.56 മെട്രിക് ടൺ കരിങ്കല്ല് ഉല്പന്നങ്ങൾ ട്രാൻസിറ്റ് പാസ് ഇല്ലാതെയും മൂവ്മെൻ്റ് പെർമിറ്റ് സമ്പാദിക്കാതെയും സെയിൽ ഫീ ഒടുക്കാതെയും അനധികൃതമായി വിപണനം ചെയ്തു എന്നു വിലയിരുത്തി അനധികൃതമായി വിപണനം ചെയ്ത് നീക്കിയ 5910.56 മെട്രിക് ടൺ കരിങ്കല്ലിന്റെ 5 മടങ്ങ് റോയൽറ്റിയായി 14,18,535 /- രൂപയും (5910.56 MTX48X5-royalty @ Rs.48/MT and price @ 4 times of royalty) കോമ്പൗണ്ടിങ്ങ് ഫീസിനത്തിൽ 100000/- രൂപയും ഉൾപ്പെടെ ആകെ 15,18,535/- രൂപ ഒടുക്കേണ്ടതായിട്ടുണ്ട് എന്നറിയിച്ചുകൊണ്ട് ആലപ്പുഴ ജിയോളജിസ്റ്റ് 13/10/2025 തീയതിയിൽ പരാമർശം (1) പ്രകാരം നൽകിയ ഡിമാന്റ് നോട്ടീസിനെതിരെ പരമാർശം (2) പ്രകാരം ശ്രീ.ഷിബിൻ വില്യം വർഗ്ഗീസ്, ഷിബിൻ വില്ല, കട്ടാനം, പള്ളിക്കൽ, ആലപ്പുഴ സർക്കാരിൽ അപ്പീൽ ഹർജി സമർപ്പിച്ചിരുന്നു.

2. അപ്പീൽ വിഷയവുമായി ബന്ധപ്പെട്ട് അപ്പീൽ കക്ഷി ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.45032/2025 റിട്ട് ഹർജിയിൽ ബഹു.ഹൈക്കോടതി 01/12/2025 ന് പുറപ്പെടുവിച്ച വിധിന്യായത്തിൽ ബഹു.കോടതി മൂന്നാം എതിർകക്ഷിയോട് (3rd respondent) എക്സിബിറ്റ് പി.4 (Ext.P4) അപ്പീലും, പ്രത്യേകിച്ച് അതിനോടൊപ്പം സമർപ്പിച്ചിട്ടുള്ള സ്റ്റേ ഹർജിയും എത്രയും വേഗം പരിഗണിക്കാൻ നിർദ്ദേശിക്കുകയും, സ്റ്റേ ഹർജിയിൽ തീരുമാനമാകുന്നത് വരെ എക്സിബിറ്റ് പി.3 (Ext.P3) ഉത്തരവ് നടപ്പിലാക്കാൻ യാതൊരുവിധ നടപടികളും ഉണ്ടാകാൻ പാടില്ല എന്നും അറിയിച്ചിട്ടുണ്ടായിരുന്നു.

3. അപ്പീൽ ഹർജിയുമായി ബന്ധപ്പെട്ട് അപ്പീൽ അധികാരിയായ വ്യവസായ വകുപ്പ് അഡീഷണൽ സെക്രട്ടറി **24/04/2026-ന്** നടത്തിയ ഹിയറിംഗിൽ അപ്പീൽകക്ഷിയും, ആലപ്പുഴ ജില്ല ജിയോളജിസ്റ്റും, മൈനിംഗ് & ജിയോളജി വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറും പങ്കെടുക്കുകയുണ്ടായി.

4. അപ്പീൽ കക്ഷി മിനറൽ വാങ്ങുന്ന സമയത്ത് തന്നെ റോയൽറ്റി അടച്ചിട്ടുള്ളതാണെന്നും, കെ.എം.പി.ഐ.എം.എസ്.ടി (KMPIMST) ചട്ടങ്ങളിലെ ഷെഡ്യൂൾ 1 പ്രകാരം മിനറൽ സ്റ്റോക്ക് ചെയ്യുന്നതിനുള്ള ഫീസും നൽകിയിട്ടുള്ളതാണെന്നും, സ്റ്റോക്ക് റിപ്പോർട്ട്, റോയൽറ്റി, മൂവ്മെന്റ് പെർമിറ്റ്, ട്രാൻസിറ്റ് പാസ് എന്നിവയുടെ വിശദാംശങ്ങൾ അപ്പീൽ കക്ഷിയുടെ 'കോമ്പസ്' (KOMPAS) പോർട്ടൽ അക്കൗണ്ടിൽ ലഭ്യമാണ്. എന്നാൽ നിലവിൽ ജിയോളജിസ്റ്റ് ഈ അക്കൗണ്ട് ബ്ലോക്ക് ചെയ്തിരിക്കുകയാണെന്നും എതിർകക്ഷിയുടെ തന്നെ വാദമനുസരിച്ച്, അപ്പീൽ കക്ഷി MMDR ആക്റ്റിനോ KMPIMST ചട്ടങ്ങൾക്കോ വിരുദ്ധമായി മിനറൽ ഖനനം ചെയ്യുകയോ വാങ്ങുകയോ ശേഖരിക്കുകയോ ചെയ്തിട്ടില്ലെന്നും, കോമ്പസ് സ്റ്റോക്ക് റിപ്പോർട്ടിലെ അളവിനേക്കാൾ കുറഞ്ഞ

അളവ് മാത്രമേ ഡിപ്പോയിൽ കാണപ്പെട്ടുള്ളൂ എന്നതാണ് അപ്പീൽ കക്ഷിക്കെതിരെയുള്ള ഏക ആരോപണമെന്നും, റോയൽറ്റിയും സ്റ്റോക്കിംഗ് ഫീസും അടച്ച് വാങ്ങിയ ഗ്രാനൈറ്റ് മാത്രമാണ് അപ്പീൽ കക്ഷി വിറ്റിട്ടുള്ളതെന്നും, ഇത്തരം സാഹചര്യത്തിൽ മിനറൽ വിലയോ റോയൽറ്റിയോ ഈടാക്കാൻ **MMDR** ആക്റ്റിലോ **KMPIMST** ചട്ടങ്ങളിലോ വ്യവസ്ഥയില്ലെന്നും അതിനാൽ എക്സിബിറ്റ് **P-4** നോട്ടീസ് നിയമവിരുദ്ധമാണെന്നെന്നും അപ്പീൽ കക്ഷി വാദിച്ചു.

**5.** അപ്പീൽ ഹർജിയുമായി ബന്ധപ്പെട്ട് മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

ആലപ്പുഴ ജില്ലയിലെ മാവേലിക്കര താലൂക്കിൽ വെട്ടിയാർ വില്ലേജിൽ ബ്ലോക്ക്-5 ൽ റീസർവേ **483 pt** -ൽ ഉൾപ്പെട്ട സ്ഥലത്ത് കരിങ്കല്ലിന് **2015** -ലെ കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിങ് സ്റ്റോറേജ് ആൻഡ് ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങൾ പ്രകാരം ശ്രീ. ഷിബിൻ വില്യം വർഗീസ്, മെ. ഷിബിൻ കൺസ്ട്രക്ഷൻ കമ്പോണൻസ്, കല്ലിമേൽ പി. ഓ, മാവേലിക്കര (അപ്പലന്റ്) എന്ന പേരിൽ രജിസ്ട്രേഷൻ **No. 14/2021-22/MM/GBS/DOA/528/2021** തീയതി **25/6/2021** ഡീലേഴ്സ് ലൈസൻസ് **51/2023-24/GBS/DOALA-DMG/638/2023 M** തീയതി **9/8/2023** എന്നിവ വകുപ്പിൻ്റെ ജില്ലാ ഓഫീസിൽ നിന്നും അനുവദിച്ചിരുന്നു. മേൽ സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ക്രഷർ യൂണിറ്റിനു അനുബന്ധമായി ധാതു സംഭരണ, വിപണന പ്രവർത്തനങ്ങൾക്കാണ് ലൈസൻസ് അനുവദിച്ചത്.
പ്രസ്തുത ലൈസൻസ് പുതുക്കുന്നതിലേക്ക് **30/4/2025** തീയതിയിൽ ടിയാൻ നല്കിയ അപേക്ഷയെ തുടർന്ന് **14/5/2025** തീയതിയിൽ ആലപ്പുഴ ജില്ലാ ഓഫീസിൽ നിന്നും നടത്തിയ സ്ഥല പരിശോധനയിൽ ടി സ്ഥലത്തെ സ്റ്റോക്ക് **6872** മെട്രിക് ടൺ ആണെന്ന് റിപ്പോർട്ട് ചെയ്തിരുന്നു. കോംപസ് സ്റ്റോക്ക് റിപ്പോർട്ട് പ്രകാരം അന്നേ ദിവസം ടി സ്ഥലത്ത് **12782.56** മെട്രിക് ടൺ കരിങ്കല്ല് ഉല്പ്പന്നങ്ങൾ സ്റ്റോക്ക് ഉണ്ടാവേണ്ടതാണ്. അതായത് സ്ഥല പരിശോധനയിൽ കണ്ടെത്തിയ സ്റ്റോക്ക്, കോംപസ് പ്രകാരമുള്ള സ്റ്റോക്കിനെക്കാൾ **5910.56** മെട്രിക് ടൺ കുറവായിരുന്നു.
ഈ സാഹചര്യത്തിൽ കുറവായി കണ്ടെത്തിയ **5910.56** മെട്രിക് ടൺ, ട്രാൻസിറ്റ് പാസുകൾ ഇല്ലാതെയും സെയിൽ ഫീ ഒടുക്കാതെയും നീക്കം ചെയ്തതായി വിലയിരുത്തുകയും **2015** -ലെ കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിങ് സ്റ്റോറേജ് ആൻഡ് ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങളിലെ ചട്ടം **(21)** പ്രകാരം റോയൽറ്റി/വില ചുമത്തുന്നതിലേക്ക് ടിയാന് **15/5/2025** തീയതിയിൽ കാരണം കാണിക്കൽ നോട്ടീസ് നല്കുകയും ഹിയറിങ്ങിന് അവസരം നല്കുകയും ചെയ്തിരുന്നു. ടി നോട്ടീസിന് **22/5/2025** തീയതിയിൽ ടിയാൻ നല്കിയ

മറുപടിയിൽ താൻ മുൻകൂർ റോയൽറ്റി ഒടുക്കിയ കരിങ്കല്ല് ആണ് സ്റ്റോക്ക് ചെയ്തു വില്പന നടത്തുന്നതെന്നും ആയതിനാൽ സ്റ്റോക്ക് വ്യത്യാസത്തിനു റോയൽറ്റിയും വിലയും ചുമത്തുന്നത് നിയമ വിരുദ്ധം ആണെന്നും അറിയിച്ചിരുന്നു.

മുൻകൂർ റോയൽറ്റി ഒടുക്കി വാങ്ങിയ ധാതു, എല്ലാ ലോഡിനും ട്രാൻസിറ്റ് പാസുകൾ നൽകാതെ വില്പന നടത്തിയ സാഹചര്യത്തിൽ ആണ് സ്റ്റോക്കിൽ കുറവ് കാണപ്പെട്ടതെന്നും കുറവുള്ള അളവ് മുവ്മെന്റ് പെർമിറ്റ് സമ്പാദിക്കാതെ, ഒടുക്കാതെ അനധികൃതമായി നീക്കം ചെയ്തതായി വിലയിരുത്തിക്കൊണ്ട് ചട്ടം -21 പ്രകാരമുള്ള നടപടികൾക്ക് വിധേയമാണ് എന്നറിയിച്ചുകൊണ്ടു 4/7/2025 തീയതിയിൽ അപ്പലൻ്റ് ആയ ശ്രീ. ഷിബിന് ജില്ല ആഫീസിൽ നിന്നും മറുപടിയും നല്കിയിരുന്നു. ഇതേ തുടർന്നാണ് ടിയാൻ സർക്കാരിൽ അപ്പീൽ ഹർജി സമർപ്പിച്ചിട്ടുള്ളത് പിന്നീട് ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ പരിഗണിക്കണമെന്ന് ആവശ്യപ്പെട്ടു ടിയാൻ ബഹു. കേരള ഹൈക്കോടതി മുൻപാകെ WPC NO.30045/2025 റിട്ട് ഹർജി സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ ടി കേസിൽ ബഹു. ഹൈക്കോടതിയിൽ നിന്നോ അപ്പീൽ അധികാരിയിൽ നിന്നോ അനുകൂല സ്റ്റേ ഉത്തരവുകൾ ലഭിക്കാത്തതിനെ തുടർന്ന് 9/10/2025 തീയതിയിൽ അഡ്ജൂഡിക്കേഷൻ ഉത്തരവ് പുറപ്പെടുവിക്കുകയും 13/10/2025 തീയതിയിൽ ഡിമാൻഡ് നോട്ടീസ് നല്കുകയും ചെയ്തിരുന്നു. WP(C) 30045/2025 നിലവിലും പെൻഡിങ് ആണ്.

കുടിശിക കണക്കാക്കിയ വിധം

1) സ്ഥല പരിശോധനയിൽ കുറവായി കണ്ടെത്തിയ സ്റ്റോക്ക്= 5910.56 മെട്രിക് ടൺ

2) റോയൽറ്റി & വില (5 മടങ്ങ് റോയൽറ്റി @ 48 രൂപ/മെട്രിക് ടൺ) =14,18,535 രൂപ

3) കോമ്പൌണ്ടിങ് ഫീ=1,00,000 രൂപ

4) ആകെ( (2+3) = 15,18,535

2015 -ലെ കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിങ് സ്റ്റോറേജ് ആൻഡ് ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങൾ "ചട്ടം 25 (1) പ്രകാരം

"Every producer/dealer of the mineral or Its products under these rules shall give valid mineral transit passes in form-0 (A) of these rules to every purchaser or person in charge of the carrier transporting the mineral from the mine or sales depot or mineral processing unit in the manner stipulated in Rule 26"

ചട്ടം 25 (1), 25 (2) എന്നിവയ്ക്ക് വിരുദ്ധമായി, വിപണനം നടത്തിയതിനാൽ ആണ് ഡിപ്പോയിൽ സ്റ്റോക്കിൽ കുറവ് ഉണ്ടാകുന്നത് എന്നതിനാൽ ചട്ടം 21 പ്രകാരം റോയൽറ്റി/വില ഇനത്തിൽ 5 മടങ്ങ് റോയൽറ്റി, കോമ്പൌണ്ടിങ് ഫീസ് എന്നിവ ഈടാക്കുന്നതിനായിട്ടാണ് അഡ്ജുഡിക്കേഷൻ ഉത്തരവും ഡിമാൻഡ്

നോട്ടീസും നല്കിയിട്ടുള്ളത്.
**2015** -ലെ കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിങ് സ്റ്റോറേജ് ആൻഡ് ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങൾ, ചട്ടം **23** ൽ
**"If the authorized officer has reason to believe that the person has stored or sold minerals in violation of the provisions of the Act and the rules made thereunder such officer may proceed against the person under Section 21 (2) of the Act"** എന്നാണ് പ്രതിപാദിച്ചിരിക്കുന്നത്.
**2015** -ലെ കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിങ് സ്റ്റോറേജ് ആൻഡ് ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങൾ "ചട്ടം **25 (1), 25 (2)** എന്നിവയ്ക്ക് വിരുദ്ധമായി, വിപണനം നടത്തിയതിനാൽ, ചട്ടം **23**-നു വിധേയമായി ചട്ടം **-21** പ്രകാരമുള്ള റോയൽറ്റി/വില/കോമ്പൌണ്ടിങ് ഫീസ് എന്നിവ ചുമത്തിയത് ക്രമ പ്രകാരം ആണെന്നും കൂടാതെ സ്റ്റോപ്പ് മെമ്മോ നിലനിൽക്കെ തന്നെ അപ്പലൻ്റ് ധാതു വിപണനം നടത്തിയതായി **21/02/2026** തീയതിയിലെ സ്ഥല പരിശോധനയിൽ കണ്ടെത്തുകയും വാഹനങ്ങൾ പിടിച്ചെടുത്ത് കോമ്പൌണ്ടിങ് ഫീസ് ചുമത്തിയിട്ടുള്ളതുമാണ് എന്നും ആലപ്പുഴ ജിയോളജിസ്റ്റ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ അപ്പീൽ ഹർജി നിരസിക്കുന്നതിനും ഡിമാൻഡ് നോട്ടീസ് **2015** -ലെ കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിങ് സ്റ്റോറേജ് ആൻഡ് ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങൾ "ചട്ടം **25 (1), 25 (2)** എന്നിവയ്ക്ക് വിരുദ്ധമായി, വിപണനം നടത്തിയതിനാൽ, ചട്ടം **23**-നു വിധേയമായി ചട്ടം **-21** പ്രകാരമുള്ള റോയൽറ്റി/വില/കോമ്പൌണ്ടിങ് ഫീസ് എന്നിവ ചുമത്തിയത് ക്രമ പ്രകാരം ആണെന്നും കൂടാതെ സ്റ്റോപ്പ് മെമ്മോ നിലനിൽക്കെ തന്നെ അപ്പലൻ്റ് ധാതു വിപണനം നടത്തിയതായി **21/02/2026** തീയതിയിലെ സ്ഥല പരിശോധനയിൽ കണ്ടെത്തുകയും വാഹനങ്ങൾ പിടിച്ചെടുത്ത് കോമ്പൌണ്ടിങ് ഫീസ് ചുമത്തിയിട്ടുള്ളതുമാണ് എന്നും ആലപ്പുഴ ജിയോളജിസ്റ്റ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ അപ്പീൽ ഹർജി നിരസിക്കുന്നതിനും ഡിമാൻഡ് നോട്ടീസ് നിലനിർത്തിക്കൊണ്ട് ഉത്തരവാകണമെന്നും ഡി.എം.ജി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**6.** അപ്പീൽ അധികാരി ഈ വിഷയം അപ്പീൽ കക്ഷിയുടെ വാദത്തിൻ്റെയും മൈനിംഗ് **&** ജിയോളജി വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിൻ്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു..ആലപ്പഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ വെട്ടിയാർ വില്ലേജിൽ സർവ്വേ നം 483/pt-ൽ പ്പെട്ടതും ശ്രീ.ഷിബിൻ വില്യം വർഗ്ഗീസിനെറ കൈവശത്തിലുള്ളതുമായ സ്ഥലത്തു 50000 MT Granite Aggregates Stock ചെയ്ത് വിപണനം ചെയ്യുന്നതിന് ഡിലേഴ്സ് ലൈസൻസ് നല്കിയതു പ്രകാരം, പ്രസ്തുത സ്ഥലത്ത് ഡീലേഴ്സ് ലൈസൻസ് പുതുക്കുന്നതിനായി ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയിന്മേൽ ആലപ്പുഴ ജിയോളജി ഓഫീസിൽ നിന്നും നടത്തിയ

സ്ഥലപരിശോധനയിൽ 6872 MT ധാതു സ്റ്റോക്ക് ഉണ്ടായിരുന്നു. KOMPAS Stock റിപ്പോർട്ട് പ്രകാരം 12782.56 MT സ്റ്റോക്ക് ഉണ്ടാകേണ്ടതായിരുന്നു.അതായത് 5910.56 MT ധാതുവിനെറ Stock വ്യത്യാസം ഉള്ളതായി ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഇതിൽ നിന്നും മനസ്സിലാകുന്നത് **5910.56** മെട്രിക് ടൺ ഗ്രാനൈറ്റ് അഗ്രിഗെററ്സ് മിനറൽ ട്രാൻസിറ്റ് പാസുകൾ നല്കാതെ അനധികൃതമായി വില്പന നടത്തി എന്നതാണ്. **2015** ലെ കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ്, സ്റ്റോറേജ്, & ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങളിലെ ചട്ടം **25** പ്രകാരം ഡീലേഴ്സ് ലൈസൻസ് സമ്പാദിച്ചയാൾ തന്റെ ഡി.എൽ യാർഡ്/ഡിപ്പോ ൽ നിന്നും സ്റ്റോക്ക് ചെയ്ത ധാതുക്കൾ വില്പന/ഗതാഗതം ചെയ്യുന്നതിന് മൂവ്മെന്റ് പെർമിറ്റ് സമ്പാദിക്കുകയും തുടർന്ന് ആയതു പ്രകാരമുള്ള **Form O (A)** ൽ ഉള്ള മിനറൽ ട്രാൻസിറ്റ് പാസുകൾ നേടണമെന്നും വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അപ്പീൽ കക്ഷി 5910.56 മെട്രിക് ടൺ ഗ്രാനൈറ്റ് അഗ്രിഗേററ്സിന് മൂവ്മെന്റ് പെർമിറ്റിന് അപേക്ഷിക്കുകയോ **Form O (A)** യിൽ ഉള്ള മിനറൽ ട്രാൻസിറ്റ് പാസുകൾ എടുക്കുകയോ ചെയ്തിട്ടില്ല.

ആയതിനാൽ ടി പ്രവൃത്തി **1957** ലെ മൈൻസ് **&** മിനറൽസ് (ഡെവലപ്മെന്റ് **&** റഗുലേഷൻ) ആക്ടിലെ സെക്ഷൻ **21(2), 2015** ലെ കേരള മിനറൽ (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ്), സ്റ്റോറോജ് **&** ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങളിലെ ചട്ടം **21, 23** എന്നിവ പ്രകാരം കുറ്റമാണ്. ടി കുറ്റത്തിന് **2015** ലെ കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ്, സ്റ്റോറേജ് **&** ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങളിലെ ചട്ടം **29** പ്രകാരം പെനാൽറ്റി ഈടാക്കേണ്ടതാണ്. അതിനാൽ അനധികൃതമായി വിപണനം നടത്തിയ ധാതുവിന്റെ പെനാൽറ്റി ഒടുക്കുവാൻ കക്ഷി ബാദ്ധ്യസ്ഥയാണ്. ടി സാഹചര്യത്തിൽ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം അനധികൃതമായി വിപണനം നടത്തിയ ധാതുവിന്റെ റോയൽറ്റി, വില, കോമ്പൗണ്ടിംഗ് ഫീസ് എന്നീ ഇനത്തിൽ ആകെ **15,18,535/-** രൂപ ഒടുക്കുന്നതിനാവശ്യപ്പെട്ട് ആലപ്പുഴ ജിയോളജിസ്റ്റ് **13/10/2025** പ്രകാരം നല്കിയ ഡിമാന്റ് നോട്ടീസ് നിലനിറുത്തി കൊണ്ടും അതിന്റെ അടിസ്ഥാനത്തിലുള്ള തുക കക്ഷിയിൽ നിന്നും അടിയന്തിരമായി ഈടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുവാനും എന്നാൽ കുടിശ്ശിക നിലനിൽക്കുകയാണെങ്കിൽ ഡീലേഴ്സ് ലൈസെൻസ് നല്കുവാനോ പുതുക്കി നൽകുവാനോ പാടില്ലെന്ന് **2015** ലെ കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ്, സ്റ്റോറേജ് **&** ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങളിൽ പ്രതിപാദിച്ചിട്ടില്ലാത്തതിനാൽ അപ്പീൽ കക്ഷി മറ്റു തരത്തിൽ യോഗ്യനാണെങ്കിൽ ഡീലേഴ്സ് ലൈസെൻസ് പുതുക്കി നല്കുന്നതിനും ജിയോളജിസ്റ്റിന് നിർദ്ദേശം നല്കി കൊണ്ടും ശ്രീ.ഷിബിൻ വില്യം വർഗ്ഗീസ്, ഷിബിൻ വില്ല, കട്ടാനം, പള്ളിക്കൽ, ആലപ്പുഴ പരാമർശം **(2)** പ്രകാരം സമർപ്പിച്ച അപ്പീൽ ഹർജി തീർപ്പാക്കിയും അപ്രകാരം **WP(C)No.45032/2025** റിട്ട് ഹർജിയിൽ ബഹു.ഹൈക്കോടതി **01/12/2025** ന് പുറപ്പെടുവിച്ച വിധിന്യായം നടപ്പിലാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി അജിത
അഡിഷണൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ എറണാകുളം(ആമുഖ കത്ത് സഹിതം.)
ശ്രീ.ഷിബിൻ വില്യം വർഗ്ഗീസ്, ഷിബിൻ വില്ല, കട്ടാനം, പള്ളിക്കൽ, ആലപ്പുഴ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), തിരുവനന്തപുരം.
ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം.
ജില്ലാ ജിയോളജിസ്റ്റ്, ആലപ്പുഴ
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sabitha B
സെക്ഷൻ ഓഫീസർ
Date: 29-05-2026 15:48:11